**കേരള സർക്കാർ**
**ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്**

നം. 435772/ഡി.2/2020/ഭ.പൊ.വി.വ

തിരുവനന്തപുരം
തീയതി. 31.03.2020

സെക്രട്ടറി

സിവിൽ സപ്ലൈസ് ഡയറക്ടർ,
തിരുവനന്തപുരം

സർ,

വിഷയം :- ഭ.പൊ.വി.വ – കോവിഡ് 19-അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യ ധാന്യം നൽകുന്നത് - സംബന്ധിച്ച്

സൂചന;- താങ്കളുടെ 27.03.2020 ലെ (സി.എസ്) എ 10-516/2020 നമ്പർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കോവിഡ് 19 പ്രമാണിച്ച് അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യ ധാന്യം നൽകുന്നതിനായി അർഹതപ്പെട്ട തൊഴിലാളികളുടെ അടിസ്ഥാന വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ജില്ലാ കളക്ടർമാരുടെ സഹായത്തോടെ ശേഖരിച്ച് ഒരു തൊഴിലാളിക്ക് പരമാവധി 5 കി.ഗ്രാം അരി/ 4 കി.ഗ്രാം ആട്ട എന്ന രീതിയിൽ അരിയുടേയും ആട്ടയുടേയും അളവ് തിട്ടപ്പെടുത്തി എൻ.എഫ്.എസ്.എ ഗോഡൗണുകൾ മുഖേന സൗജന്യമായി വിട്ടുനൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇതിന് പൊതുവിതരണത്തിനായി നീക്കി വച്ചിട്ടുള്ള ടൈഡ് ഓവർ വിഹിതം തൽക്കാലം വകമാറ്റുകയും പിന്നീട് എഫ്.സി.ഐ യിൽ നിന്നും ലഭ്യമാകുന്ന നിരക്കിൽ വാങ്ങി പകരം വയ്ക്കാവുന്നതുമാണ്.

പ്രസ്തുത പ്രവർത്തിയ്ക്ക് വരുന്ന ചെലവ് സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നും കണ്ടെത്തുന്നതിനുള്ള ശുപാർശ കൂടി ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
**മണിലാൽ ബി.എസ്.**
**ജോയിന്റ് സെക്രട്ടറി**
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

Scanned with CamScanner